**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4058** **15-07-2022 - ൽ മറുപടിയ്ക്ക്**

**വളർത്തുമൃഗങ്ങൾക്ക് ലൈസൻസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീമതി.ഉമ തോമസ് | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വളർത്തുമൃഗങ്ങൾക്ക് ലൈസൻസ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകാമോ; | (എ) | 1998 ലെ കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് കൂടാതെയും ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്കനുസരണമല്ലാതെയും യാതൊരാളും ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പട്ടികളെയോ പന്നികളെയോ വളർത്തുവാനോ സൂക്ഷിക്കുവാനോ പാടില്ലായെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 437 പ്രകാരം സെക്രട്ടറിയിൽ നിന്നും ലഭിച്ച ലൈസൻസ് കൂടാതെയും പേപ്പട്ടി വിഷത്തിനെതിരെ തന്റെ പട്ടിയെ കുത്തിവയ്പ്പിക്കാതെയും ഏതെങ്കിലും പട്ടിയെ വളർത്തുവാൻ പാടുള്ളതല്ലായെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.<br><br>ബഹു. ഹൈക്കോടതിയിൽ നിലവിലുള്ള WP(C) 13204/2021 നമ്പർ കേസിൽ 14.07.2021 ൽ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിൽ വളർത്തുമൃഗങ്ങൾക്ക് ലൈസൻസ് ഏർപ്പെടുത്താൻ നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 08/08/2021 ലെ ആർസി3/241/2021/തസ്വഭവ നമ്പർ സർക്കുലർ പുറപ്പെടുവിച്ചിരുന്നു. ടി സർക്കുലർ പ്രകാരം വളർത്തുനായ്ക്കൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിർബന്ധിത രജിസ്ട്രേഷൻ ചെയ്യണമെന്നും ലൈസൻസ് എടുക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. (സർക്കുലർ അനുബന്ധമായി ചേർക്കുന്നു) 1998 ലെ കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് സമാനമായി കേരള മുനിസിപ്പാലിറ്റി ചട്ടങ്ങൾ രൂപീകരിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നുണ്ട്. |
| (ബി) | തെരുവ് നായ്ക്കളുടെ ആക്രമണം മൂലം പിഞ്ചു | (ബി) | തെരുവുനായ്ക്കളുടെ എണ്ണം കുറയ്ക്കുന്നതിന് അനിമൽ |

| | | | |
|---|---|---|---|
| | കുട്ടികൾക്ക് വരെ കടി ഏൽക്കുന്ന സാഹചര്യത്തിൽ ഇവയെ നിയന്ത്രിക്കാനായി ഇത്തരം നായ്ക്കളുടെ വന്ധ്യംകരണവും പുനരധിവാസവും സംബന്ധിച്ച നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | | ബർത്ത് കൺട്രോൾ പ്രോഗ്രാം നടപ്പിലാക്കി വരുന്നുണ്ട്. ഒരു പ്രദേശത്തുള്ള തെരുവുനായകളെ പിടികൂടി വന്ധ്യംകരണത്തിന് വിധേയമാക്കി അവയുടെ അധിവാസ പ്രദേശത്ത് തിരികെ വിടുക വഴി തെരുവുനായകളുടെ അനിയന്ത്രിത പ്രജനനം തടയുക എന്നതാണ് അനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം വഴി ലക്ഷ്യമിടുന്നത്.<br><br>ഗ്രാമപഞ്ചായത്തുകൾ പ്ലാൻ ഫണ്ടിൽ നിന്നോ തനത് ഫണ്ടിൽ നിന്നോ നിശ്ചിത തുക വകയിരുത്തി പദ്ധതി ആവിഷ്കരിക്കുകയും ആയത് ജില്ലാ പഞ്ചായത്തുകളുടെ നേതൃത്വത്തിൽ സംയുക്ത പദ്ധതിയായോ തദ്ദേശ സ്വയംഭരണ സ്ഥാപനം നേരിട്ടോ നിർവ്വഹണം നടത്തുന്ന രീതിയിലും അതുകൂടാതെ വകയിരുത്തിയ തുക നിർവ്വഹണ ഏജൻസിയായ കുടുംബശ്രീക്ക് കൈമാറി മൃഗസംരക്ഷണ വകുപ്പിന്റെ സഹായത്തോടെ എ.ബി.സി. പദ്ധതി നടപ്പിലാക്കി വരുന്ന രീതിയും ചെയ്തിരുന്നു.<br><br>എന്നാൽ നിർവ്വഹണ ഏജൻസിയായ കുടുംബശ്രീയുടെ അനിമൽ വെൽഫയർ ബോർഡ് ഓഫ് ഇന്ത്യയിലെ രജിസ്ട്രേഷൻ, ഈ മേഖലയിലെ തൊഴിൽ വൈദഗ്ദ്ധ്യം എന്നീ മാനദണ്ഡങ്ങൾ പരിശോധിച്ച ബഹു. ഹൈക്കോടതി ടി വിഷയങ്ങളിൽ ആവശ്യമായ അന്വേഷണം നടത്തുന്നതിനും ആയതിൽ വ്യക്തത വരുത്തുന്നത് വരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എ.ബി.സി. പ്രോഗ്രാമിന് വേണ്ടി കുടുംബശ്രീക്ക് തുക കൈമാറുന്നത് തത്കാലം നിർത്തിവയ്ക്കുവാൻ നിർദ്ദേശിച്ച് WP(C) 13204/2021 കേസിൽ 19/07/2021 ൽ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ എ.ബി.സി പ്രോഗ്രാമിന് വേണ്ടി കുടുംബശ്രീക്ക് തുക കൈമാറുന്നത് തത്കാലം നിർത്തിവച്ചിട്ടുണ്ട്. നിലവിൽ ഹൈക്കോടതി നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ കുടുംബശ്രീ അനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇന്ത്യയുടെ അംഗീകാരത്തിന് അപേക്ഷ നൽകിയിട്ടുണ്ട്. അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് കുടുംബശ്രീക്ക് പദ്ധതിയിൽ ഭാഗമാകുവാൻ സാധിക്കും.<br><br>ബഹു. സുപ്രീം കോടതിയിലെ WP(C) 599/15 നമ്പർ കേസിന്മേലുള്ള ഉത്തരവ് പ്രകാരം നിയമിച്ച റിട്ട. ജസ്റ്റിസ് സിരിജഗൻ കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ തെരുവുനായകളുടെ ആക്രമണത്തിന് ഇരയായവർക്ക് നഷ്ടപരിഹാരം നൽകിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

**GOVERNMENT OF KERALA**

No.RC3/241/2021/LSGD

Local Self Government (RC) Department
Dated:08/08/2021, Thiruvananthapuram.

## CIRCULAR

Sub: LSGD - Registration of Pet Dogs - Compliance of Court Orders – Instructions - reg.

Ref: Interim Orders dated 14/7/2021 & 19/7/2021 in W.P. (C) No. 13204/2021 & Connected Case

Kerala Municipality Act, 1994, section 437 stipulates that no person shall keep any dog except with a licence obtaining from the Secretary and every owner shall cause his dog to be inoculated against rabies. In addition to this provision, Rule 4 of Kerala Panchayat Raj (Licensing of Pigs & Dogs) Rules, 1998, also provides to apply for licence to keep a dog.

The Hon'ble High Court of Kerala passed interim Order dated 14/7/2021, as referred above, has directed that the Local Self Government Department shall direct the local authorities in the State to forthwith issue public notices requiring owners of animals - cattle, pets etc., falling within their respective local limits to register the animals in their ownership with the local authority concerned and obtain a licence therefore as mandated under the Municipality/Panchayat Act/Rules.

In compliance to the aforementioned Court Order, it is directed that all Municiplalities/ Municipal Corporations/Panchayats in the State shall immediately issue public notices requiring mandatory registration of dogs by their owners, by obtaining licence from the local authority concerned , as prescribed in the above mentioned statutes.

SARADA MURALEEDHARAN I A S
Additional Chief Secretary

Advocate General, Kerala (with C/L)
The Director of Panchayats, Thiruvananthapuram
The Director of Urban Affairs, Thiruvananthapuram

Secretaries of all Local Self Government Institutions (Through the concerned Director)
Agriculture (Animal Husbandry) Department
Executive Director, Kudumbashree
Principal Accountant General (Audit-I/ Audit-II), Kerala, Thiruvananthapuram
The Director, Kerala State Audit Department, Thiruvananthapuram
Executive Director, Information Kerala Mission, Thiruvananthapuram
Information & Public Relations (Web & New Media) Department
Stock File/ Office Copy (No. LSGD-RC3/241/2021-LSGD)

Forwarded / By order,

Section Officer.